## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 421 — 11.06.2013 -ൽ മറുപടിക്ക്

### വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ- മഞ്ചേരി റൂട്ടിലെ പ്രധാന കേന്ദ്രമായ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി. -യുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ബി) | പെരിന്തൽമണ്ണ - മഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.യുടെ ഏതാനും ദീർഘദൂര ടൗൺ ടു ടൗൺ സർവ്വീസുകൾ മാത്രമാണ് സർവ്വീസ് നടത്തുന്നത്. കുറഞ്ഞ ചിലവിൽ കുറഞ്ഞ സമയം കൊണ്ട് ലക്ഷ്യ സ്ഥലത്ത് എത്തുകയെന്നതാണ് ടി സർവ്വീസുകൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. ആകയാൽ പ്രസ്തുത സർവ്വീസുകൾക്ക് അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്റ്റോപ്പ് അനുവദിക്കുന്നത് ദീർഘദൂര യാത്രക്കാരെ പ്രസ്തുത സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിൽ നിന്നും പിൻതിരിപ്പിക്കുവാൻ ഇടയാക്കുമെന്നതിനാലും കോർപ്പറേഷന് വരുമാനക്കുറവ് ഉണ്ടാകുമെന്നതിനാലും വള്ളിക്കാപ്പറ്റയിൽ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ